# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2349

08-12-2015-ൽ മറുപടിക്ക്

### വനിതാ സംരംഭക സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി. വനിതാ സംരംഭകരുടെ സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ; | (എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട വനിതാ സംരഭകർക്കായി 2015 നവംബർ മാസം 19-ാം തീയതി കൊച്ചിയിലെ ബോൾഗാട്ടി ഇവന്റ് സെന്ററിൽ വച്ച് 'വി സമ്മിറ്റ് 2015' സംഗമം സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നായി 1500 ഓളം വനിതാ സംരംഭകരെ ഇതിൽ പങ്കെടുപ്പിക്കുകയുണ്ടായി. |
| (ബി) എന്തെല്ലാം കാര്യങ്ങളാണ് സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടത് എന്നറിയിക്കുമോ ; | (ബി) വനിതാ സംരംഭകരുടെ സംഗമത്തിൽ നാലു സെഷനുകൾ സംഘടിപ്പിക്കുകയുണ്ടായി. റീട്ടെയിൽ മേഖലയിൽ എം.എസ്.എം.ഇ. - യ്ക്കുള്ള സാധ്യതകൾ, ധനസമാഹരണത്തിനുള്ള വിവിധ മാർഗങ്ങൾ, ഭക്ഷ്യസംസ്കരണത്തിനും, അത്യാധുനിക കൃഷി മാർഗത്തിനുള്ള വിവിധ സാധ്യതകൾ, വസ്ത്ര നിർമാണത്തിലും, ഫാഷൻ മേഖലയിലും, കേരളത്തിനുള്ള സാധ്യതകൾ എന്നീ വിഷയങ്ങളിൽ പ്രമുഖ വ്യവസായ സംരംഭകർ, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, ഗവേഷണ സ്ഥാപനങ്ങളിലെ വിദഗ്ദർ, അതത് മേഖലയിൽ കഴിവു തെളിയിച്ച വനിതാ സംരംഭകർ എന്നിവർ ഉൾപ്പെട്ട നിരവധി പ്രമുഖർ പങ്കെടുക്കുകയും ചർച്ച നടത്തുകയും വനിതാ സംരംഭകർക്ക് തങ്ങളുടെ സംശയങ്ങളും ആശങ്കകളും ദുരീകരിക്കാനും പങ്കുവെക്കാനും ഉള്ള അവസരം ലഭ്യമാകുകയും |

ചെയ്തു. ഈ സംഗമത്തിനോട് അനുബന്ധിച്ച് വിവിധ വനിതാ സംരംഭകരുടെയും ഇവരെ പ്രോൽസാഹിപ്പിക്കുന്ന വിവിധ ഏജൻസികളുടെയും ഒരു എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി.

(സി) എന്തെല്ലാം തുടർ നടപടികളാണ് ഇതിൻ മേൽ സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ?

വനിതാ സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി താഴെപ്പറയുന്ന തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു

- വിവിധ മേഖലയിലുള്ള വനിതാ സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു വെബ്സൈറ്റ് രൂപകൽപ്പന ചെയ്യുക
- വനിതാ സംരംഭകർക്കായി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക
- ഓരോ മേഖലയിലും ഉള്ള വനിതാ സംരംഭകർക്കായി പ്രത്യേക ക്ലാസുകൾ ജില്ലാതലങ്ങളിൽ നടത്തുക
- വനിത സംരംഭകരുടെ വ്യവസായങ്ങളെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനായുള്ള കെ.എസ്.ഐ.ഡി.സി രൂപീകരിച്ച പ്രത്യേക ധനസഹായ പാക്കേജ് (ലോൺ അസിസ്റ്റൻസ്) നൽകുക
- കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ മാനേജ്മെന്റ് കോളേജുമായി ചേർന്ന് വനിതാ സംരംഭകർക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങളും, കുടുംബശ്രീ, ഡി.ഐ.സി ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ നിർദ്ദേശ ക്ലാസുകളും നടത്തുക
- വനിതാ സംരംഭകരുടെ ഉൽപ്പന്നങ്ങൾ ആഗോളതലത്തിൽ ബ്രാൻഡിംഗ് ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ നൽകുക

സെക്ഷൻ ഓഫീസർ